# പ്രവാചകചര്യ

നമുക്ക് ഒരു വാഹനം കിട്ടി. പല സംവിധാനങ്ങളുമുള്ള പുതിയ തരം വാഹനം. സാധാരണ വാഹനങ്ങൾ ഓടിക്കുന്ന രീതിയിലല്ല അതിനെ ഡ്രൈവ് ചെയ്യേണ്ടത്. പക്ഷേ, നമുക്കത് പരിചയമില്ല. അപ്പോൾ പിന്നെ മാർഗമെന്ത്? അതെപ്പറ്റി അറിയുന്ന ആളെ അന്വേഷിക്കും. അദ്ദേഹം പറയുന്നതു പോലെ ചെയ്യും. അങ്ങനെ ഒരാളില്ലെങ്കിൽ അതിൻെറ ഒരു കാറ്റലോഗ് ലഭിക്കുമോ എന്ന് അന്വേഷിക്കും. ഇത് രണ്ടുമില്ലാതെ നാം അതിനെ നിയന്ത്രിച്ചാൽ നമുക്ക് അബദ്ധം പിണയും, തീർച്ച. ഈ ഉദാഹരണത്തെ നമുക്ക് തൽക്കാലം മാറ്റിവെച്ച് വിഷയത്തിലേക്ക് വരാം.

## എന്താണ് പ്രവാചകചര്യ?

സിദ്ധാന്തങ്ങളാണ് പ്രത്യയശാസ്ത്രങ്ങളുടെ ജീവൻ. പ്രത്യയശാസ്ത്രങ്ങളുടെ നിലനില്പും വളർച്ചയും സുതാര്യമാകുന്നത് അതിൻെറ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി തയാറാക്കുന്ന ഭരണഘടനയനുസരിച്ചാണ്. ഭരണഘടനയോടു കൂടിയല്ലാതെ പാർട്ടികളോ വ്യവസ്ഥയോ എവിടെയും നിലനില്ക്കുന്നില്ല. ഇത് ലോകത്തിൻെറ അനുഭവം.
ദർശനങ്ങളെ സംബന്ധിച്ചിടത്തോളം സുനിശ്ചിതമായ ചില മാർഗരേഖ അവയ്ക്കുണ്ട്. അവ പിൻപറ്റാതെ ഒരാൾക്ക് ആ ദർശനത്തെ അനുധാവനം ചെയ്യാനാകില്ല. മാർഗരേഖ എത്രമാത്രം യുക്തിഭദ്രവും മാനുഷികവുമാണോ അതനുസരിച്ചായിരിക്കും വ്യവസ്ഥ ഉന്നതമാവുക. നാല് കാര്യങ്ങൾ അതിൽ പരിഗണിക്കേണ്ടതുണ്ട്.
എ. വ്യവസ്ഥയുടെ ലക്ഷ്യം.
ബി. ലക്ഷ്യത്തിലേക്കെത്തുന്നതിന് അത് നിർദ്ദേശിക്കുന്ന വഴിയുടെ വിശുദ്ധി.
സി. വ്യവസ്ഥിതിയുടെ അച്ചടക്കവും ചട്ടക്കൂടും.
ഡി. അത് ആളുകൾക്കും ലോകത്തിനും നല്കുന്ന സംഭാവനകൾ.

ഖുർആൻ മുന്നോട്ടുവെക്കുന്ന ജീവിതവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ഖുർആൻ തന്നെയാണ് അതിൻെറ മാർഗരേഖ. എന്നാൽ ഖുർആൻ അതിൻെറ ആശയങ്ങളെ സ്വയം വിശദീകരിക്കുകയോ നടപ്പാക്കുകയോ അല്ല ചെയ്യുന്നത്. അതിൻെറ വാഹകരാണ് അത് നടപ്പാക്കേണ്ടവർ. വേദഗ്രന്ഥത്തിൻെറ ഒരാശയം നടപ്പാക്കപ്പെടുമ്പോൾ സ്വാഭാവികമായും വിശദീകരണം ആവശ്യമായി വന്നേക്കാം. അതിനാലാണ് ഒരു പ്രവാചകനിലൂടെ അത് അവതരിപ്പിക്കപ്പെട്ടതും അതിൻെറ പ്രയോഗവർക്കരണത്തിന് ഉത്തരവാദപ്പെടുത്തിയതും.
പ്രവാചകൻ മുഹമ്മദിലൂടെ അവതീർണമായ ഗ്രന്ഥമായതിനാൽ അദ്ദേഹം തന്നെ അത് ലോകത്തിന് വിശദീകരിച്ചുകൊടുത്തു. അതിന് അദ്ദേഹം സ്വീകരിച്ച രീതി ഇവയായിരുന്നു- തനിക്ക് അവതരിച്ചു കിട്ടിയതെന്തോ അതപ്പടി ജനത്തിന് ഓതികൊടുക്കുക, അതിൻെറ അർഥവും വിശദീകരണവും സഹിതം അത് പഠിപ്പിച്ചുകൊടുക്കുക, അതിലെ നിർദ്ദേശങ്ങളെ ജീവിച്ചുകാണിക്കുകയും ജനത്തെ സംസ്കരിക്കുകയും ചെയ്യുക. ഇത് കേവലം വാചിക രംഗമായിരുന്നില്ല. ദൈവികവ്യവസ്ഥയുടെ പ്രായോഗികത സ്വജീവിതത്തിലൂടെ ലോകത്തിന് കാണിച്ചുകൊടുക്കുകയായിരുന്നു അദ്ദേഹം. ഖുർആനിക ജീവിതവ്യവസ്ഥയുടെ ആചരണത്തിൽ അദ്ദേഹം കാഴ്ചവെച്ച വാചാ-കർമണാ മാതൃകകളെയാണ് നബിചര്യ എന്നു പറയുന്നത്. അഥവാ ഖുർആനിക നിർദ്ദേശങ്ങളുടെയും വിലക്കുകളുടെയും വചനങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും സമുഛയമാണ് പ്രവാചകചര്യ. അത് വിശുദ്ധ വേദഗ്രന്ഥത്തിൻെറ ഭാഗം തന്നെയാണ്. എന്നാൽ അത് പിൻപറ്റൽ അനിവാര്യമായ ജീവിതരംഗങ്ങളുണ്ട്. ഐഹികമായ ജീവിതമേഖലകളുമുണ്ട്.

## പ്രവാചക ചര്യയുടെ ആവശ്യകത

പ്രവാചകചര്യ ആവശ്യമാണോ? അത് പിൻപറ്റൽ അനിവാര്യമാണോ?
അതെ. പറഞ്ഞല്ലോ, ഖുർആൻെറ ജീവിതവ്യവസ്ഥക്ക് അതുതന്നെയാണ് മാർഗരേഖയെന്ന്. പക്ഷേ, അതിലെ പല കാര്യങ്ങളും വിശദീകരണമർഹിക്കുന്നവയാണ്. ആർക്കാണോ അത് അവതരിച്ചു കിട്ടിയത് അദ്ദേഹം തന്നെ അത് വിശദീകരിച്ചുതരണം. വിശദീകരണം കൂടാതെ സ്വമേധയാ ആ മാർഗരേഖയുമായി മുന്നോട്ടുപോകുന്ന ഒരാൾക്ക് ആചരണങ്ങളിൽ അബദ്ധം പിണയാൻ സാധ്യതയുണ്ട്. മുകളിൽ പറഞ്ഞ ഉദാഹരണം ശ്രദ്ധിക്കുക.
ജീവിതത്തിന് ആവശ്യമായതെല്ലാം പറഞ്ഞുവെച്ച ഗ്രന്ഥമാണ് ഖുർആൻ. എന്നാൽ അതൊരിക്കലും വിശദാംശങ്ങളെപ്പോലും വിശദീകരിക്കുന്ന ഗ്രന്ഥമല്ല. അതിനെ വിശദീകരിക്കേണ്ടത് അത് നേരിട്ട് ലഭിച്ചയാളാണ്. അതായിരുന്നു പ്രവാചകൻ മുഹമ്മദിൻെറ ജീവിതം.
പ്രാർഥനയുടെ പ്രാധാന്യം ഖുർആനിലുണ്ട്. എന്നാൽ അതിൽ എന്ത് പ്രാർഥിക്കണം അതിൻെറ രൂപം എങ്ങനെയായിരിക്കണം എന്നൊന്നും അത് വിശദീകരിക്കുന്നില്ല. ദാനധർമം അനിവാര്യമാണെന്ന് അത് വ്യക്തമാക്കുന്നു. പക്ഷേ, അത് ഏതുവിധം, എത്ര എന്നൊന്നും അത് വ്യക്തമാക്കുന്നില്ല. അതുപോലെ ഖുർആനിക ജീവിത വ്യവസ്ഥയുടെ പല വശങ്ങളെക്കുറിച്ചും അവയുടെ വിശദീകരണം പ്രവാചകനെ ഉത്തരവാദപ്പെടുത്തുകയാണ് അതിൻെറ അവതാരകനായ ഏകദൈവം ചെയ്തത്. അത് പറഞ്ഞുതരേണ്ടതും പ്രവാചകനാണ്. അത് മനസ്സിലാക്കി ജീവിക്കാനാണ്

പ്രവാചകചര്യ അനുധാവനം ചെയ്യൽ അനിവാര്യമാകുന്നത്. അതിൻെറ അഭാവത്തിൽ ഒരാൾക്ക് ഖുർആൻെറ വ്യവസ്ഥയെ പൂർണമായി മനസ്സിലാക്കാനും ആചരിക്കാനും സാധ്യമല്ല.
പരിപൂർണമായ ഖുർആനിക ജീവിതത്തിന് ഖുർആൻ കഴിഞ്ഞാൽ പ്രവാചകചര്യ പിൻപറ്റേണ്ടത് അനിവാര്യമാണ്. പ്രവാചക ചര്യയാണ് ഖുർആനികാശയങ്ങളുടെ വ്യാഖ്യാനം. ഖുർആൻ വ്യംഗ്യമായി വിട്ടതിനെ അത് സ്പഷ്ടമാക്കി തരികയാണ് ചെയ്യുന്നത്. പ്രവാചക ചര്യയുടെ അനുപേക്ഷണീയത ഇന്ന് ലോകത്തുള്ള ഏകദൈവ വിശ്വാസികൾ പൊതുവെ അംഗീകരിച്ച ഒരു വസ്തുതയാണ്. സാമൂഹികം, ധാർമികം, സാമ്പത്തികം, ആരാധന തുടങ്ങിയ ജീവിതത്തിൻെറ എല്ലാ മേഖലകളിലും തങ്ങളുടെ കർമങ്ങൾക്ക് ശരിയായ ദിശ നല്കുന്നത് അതാണെന്ന് അവർ അർഥശങ്കക്കിടയില്ലാത്ത വിധം വിശ്വസിക്കുന്നു.

## അനുചരന്മാരുടെ ജീവിതത്തിൽ

വിശുദ്ധഖുർആൻ പറഞ്ഞു: പ്രവാചകൻ നിങ്ങൾക്ക് നല്കുന്നതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. അദ്ദേഹം നിങ്ങളോട് വിലക്കുന്നതെന്തോ അത് വെടിയുകയും ചെയ്യുക.
തങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന ഓരോ പ്രശ്നങ്ങൾക്കും പരിഹാരം തേടി പ്രവാചകൻ മുഹമ്മദിൻെറ അനുചരന്മാർ അദ്ദേഹത്തെ സമീപിച്ചിരുന്നു. അദ്ദേഹത്തിൻെറ ഓരോ നിർദ്ദേശവും ദൈവികമാണെന്ന ബോധ്യത്തോടെ അവർ നടപ്പിലാക്കി.
അദ്ദേഹത്തിൻെറ ഓരോ കർമവും യഥാവിധം അനുകരിച്ചുജീവിച്ച അവിടത്തെ സന്തതസഹചാരികൾ അദ്ദേഹത്തിൻെറ ഓരോ വാക്കും ഹൃദിസ്ഥമാക്കിയിരുന്നു. അവരത് പകർത്തിയെഴുതി. അത് കിട്ടാത്തവർ കിട്ടിയവരിൽനിന്ന് മനസ്സിലാക്കി. കിട്ടിയവർ കിട്ടാത്തവർക്ക് എത്തിച്ചുകൊടുത്തു. അവരത് മറ്റുള്ളവർക്കും എത്തിച്ചുകൊടുത്തു. മറ്റൊരർഥത്തിൽ പറഞ്ഞാൽ മറ്റു കാലഘട്ടങ്ങളിലെ ഏകദൈവ വിശ്വാസികളെക്കാൾ അക്കാലത്തെ വിശ്വാസികൾ പ്രവാചകനെ നേരിൽ കാണുകയും അദ്ദേഹത്തെ നേരിട്ടനുഭവിക്കുകയും പ്രവാചകചര്യയുടെ നേർക്കുനേരെയുള്ള അനുഭവസ്ഥരാവുകയും ചെയ്തവരായിരുന്നു. പ്രവചാകൻെറ വിയോഗാനന്തരം അവർ അദ്ദേഹത്തിൻെറ രേഖപ്പെടുത്തിവെച്ച ചര്യകളെ അവലംബിക്കുകയും അതേപ്പറ്റി പരസ്പരം അന്വേഷിച്ച് സംശയനിവാരണം വരുത്തുകയും ചെയ്തു. പ്രവാചകൻെറ ദൗത്യം ഏറ്റെടുത്ത് പിൽക്കാലത്ത് ലോകത്തിന് വെളിച്ചമേകിയത് അവരായിരുന്നു. അവരായിരുന്നു പ്രവാചകചര്യയിലൂടെ ലോകത്തെ ഖുർആൻെറ ജീവിതവ്യവസ്ഥയിലേക്ക് നയിച്ചത്.

## മനുഷ്യൻെറ ബാധ്യത

മനുഷ്യനെ ഏകദൈവം സൃഷ്ടിച്ചത് അവനിൽ വിശ്വസിക്കുകയും അവൻെറ കല്പനകളനുസരിച്ച് അവനെ മാത്രം ആരാധിച്ചുജീവിക്കുകയും ചെയ്യുന്നതിനാണ്. കാരണം, അവൻ എല്ലാവരുടെയും സ്രഷ്ടാവാണ്, അവൻെറ ഗ്രന്ഥമായ ഖുർആൻ എല്ലാവരുടെയും ഗ്രന്ഥമാണ്, അത് പിൻപറ്റൽ എല്ലാവരുടെയും ബാധ്യതയാണ്. ഈ രീതിയിൽ ഒരു സമൂഹമായി ജീവിക്കുമ്പോൾ സംശയങ്ങളും പ്രശ്നങ്ങളും ഉണ്ടാവുക സ്വാഭാവികമാണ്. കാരണം അവർക്കിടയിൽ പലതരക്കാരുണ്ടായിരിക്കും. അറിവുള്ളവരും ഇല്ലാത്തവരും ഉണ്ടാകും. പണക്കാരും ദരിദ്രരും ഉണ്ടാകും. നേതാവും അനുയായിയും ഉണ്ടാകും. അവർക്കിടയിലൊക്കെ ഉടലെടുക്കുന്ന പ്രശ്നങ്ങളിൽ പരിഹാരം തേടി ചെല്ലേണ്ടത് തങ്ങളുടെ സ്രഷ്ടാവായ ഏകദൈവത്തിൻെറ പ്രമാണത്തിലേക്കും(ഖുർആൻ) അവൻെറ ദൂതൻെറ ചര്യയിലേക്കുമാണ്. അതിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളാണ് തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമായി അംഗീകരിക്കേണ്ടത്. അപ്പോൾ ഖുർആൻ അംഗീകരിക്കുന്നതുപോലെ തന്നെ പ്രവാചക ചര്യയും അംഗീകരിക്കൽ അനിവാര്യമാണ്. അത് ഉൾക്കൊള്ളുകയോ അംഗീകരിക്കുകയോ ചെയ്യാതെ ദൈവികദർശനമനുസരിച്ച് ജീവിക്കുക സാധ്യമല്ല. അതിനാലാണ് ഖുർആനിക വ്യവസ്ഥയുടെ പ്രമാണം ഖുർആനും പ്രവാചക ചര്യയുമാണെന്ന് നേരത്തെ സൂചിപ്പിക്കാൻ കാരണം.